## പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 3381 — 14.07.15 ൽ മറുപടിയ്ക്ക്

### ഖനന നയം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>,, വി. ശശി<br>,, മുല്ലക്കര രത്നാകരൻ<br>,, കെ. അജിത് | | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി) |
| (എ) | ഖനന നയം പ്രഖ്യാപിച്ചിട്ടുണ്ടോ ; എങ്കിൽ ഇത് സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ; | (എ) | ഇല്ല. എന്നാൽ 2015 ലെ കേരള മൈനർ മിനറൽ കൺസെഷൻ ചട്ടങ്ങൾ പുതുക്കി പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | ഖനനത്തിലൂടെ വരുമാനം വർദ്ധിപ്പിക്കുന്നത് മുഖ്യലക്ഷ്യമാക്കിയിട്ടുണ്ടോ ; | (ബി) | ഇല്ല. പാരിസ്ഥിതിക പ്രശ്നങ്ങൾകൂടി പരിഗണിച്ചുകൊണ്ടു മാത്രമേ ഖനനാനുമതി നൽകുകയുള്ളൂ. ഖനനത്തിലൂടെ വരുമാനം വർദ്ധിപ്പിക്കുകയെന്നതു മുഖ്യ ലക്ഷ്യമല്ല. |
| (സി) | സംസ്ഥാനത്ത് പ്രധാനമായും എന്തെല്ലാമാണ് ഖനനം ചെയ്യുന്നത് , വ്യാപകമായ ഖനനം ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കുമെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അത് നിയന്ത്രിക്കുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ? | (സി) | കരിമണൽ, കരിങ്കല്ല്, ചെങ്കല്ല്, സാധാരണ മണ്ണ്, സാധാരണ കളിമണ്ണ്, സാധാരണ മണൽ, ചൈനാക്ലേ, അലുമിനസ് ലാറ്ററൈറ്റ്, സിലിക്കാ മണൽ, ചുണ്ണാമ്പുകല്ല്, കക്ക എന്നിവയാണ് പ്രധാനമായും ഖനനം ചെയ്യുന്നത്. അനിയന്ത്രിതമായ ഖനനം പ്രത്യാഘാതങ്ങൾ ഉണ്ടാക്കുമെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഖനനത്തിന് പുതിയ പെർമിറ്റുകൾ അനുവദിക്കുന്നതിന് മൈനിംഗ് പ്ലാനും പാരിസ്ഥിതികാനുമതിയും നിർബന്ധമാണ്. |

സെക്ഷൻ ഓഫീസർ